ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ & ബി) നിഷേധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല. സർക്കാർ ഉത്തരവ് (എംഎസ്.) 350/14/ആകുവ. പ്രകാരം ആയുർവ്വേദ മെഡിക്കൽ വിദ്യാർത്ഥികൾക്ക് സർക്കാർ ആശുപത്രികളിൽ പ്രസവശുശ്രൂഷാ പരിശീലനം അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ കേരള ഘടകത്തിന്റെ 18-2-2015-ലെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വിഷയം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും മറുപടി ലഭിക്കുന്നതു വരെയുള്ള കാലയളവിലേക്ക് മേൽ ഉത്തരവ് താൽക്കാലികമായി മരവിപ്പിക്കുകയും ചെയ്തു.

(സി) ആയുർവ്വേദം, ഹോമിയോ, സിദ്ധ, യുനാനി, പ്രകൃതി ചികിത്സ എന്നീ ചികിത്സാ സമ്പ്രദായങ്ങൾക്ക് പ്രാമുഖ്യം നൽകുന്നതിനും ഈ വിഭാഗങ്ങളിൽ കൂടുതൽ ഗവേഷണ പഠനങ്ങൾ നടത്തുന്നതിനുംവേണ്ടി 'ആയുഷ് ' വകുപ്പ് രൂപീകരിച്ചിട്ടുണ്ട്.

സ്വാശ്രയ മേഖലയിലെ എം.ബി.ബി.എസ്. പ്രവേശനം

13 (*73) ശ്രീമതി ഗീതാ ഗോപി :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിലും പൊതുമേഖലയിലും എത്ര വീതം മെഡിക്കൽ കോളേജുകളുണ്ട് ;

(ബി) സ്വാശ്രയ മേഖലയിൽ എം. ബി. ബി. എസ്സിന് എത്ര സീറ്റുകളുണ്ട് ; പൊതുമേഖലയിൽ എത്ര സീറ്റുകളുണ്ട് ;

(സി) എം. ബി. ബി. എസ്. പ്രവേശനം സംബന്ധിച്ച് മാനേജ്മെന്റുകളും സർക്കാരുമായി ഏതെങ്കിലും തരത്തിലുള്ള കരാർ ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ ;

(ഡി) സർക്കാരും മാനേജ്മെന്റുകളും തമ്മിൽ കരാറുണ്ടാക്കാത്ത സാഹചര്യത്തിൽ നൂറു ശതമാനം സീറ്റിലും മാനേജ്മെന്റ് നേരിട്ട് പ്രവേശനം നൽകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) നിലവിൽ സർക്കാർ മേഖലയിൽ പാലക്കാട് ഉൾപ്പെടെ ഒൻപത് മെഡിക്കൽ കോളേജുകൾ ഉണ്ട്. സ്വകാര്യ, സ്വാശ്രയ മേഖലയിൽ 21 മെഡിക്കൽ കോളേജുകൾ കേരളത്തിൽ പ്രവർത്തിക്കുന്നു.

(ബി) സർക്കാർ മേഖലയിൽ 1250 സീറ്റുകൾ നിലവിലുണ്ട്. സ്വകാര്യ മേഖലയിൽ 2400 സീറ്റുകളും നിലവിലുണ്ട്.

(സി) ഉണ്ട്. 2015-16 വർഷത്തെ എം.ബി.ബി.എസ്. പ്രവേശനം സംബന്ധിച്ച് കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷന്റെ കീഴിലുള്ള 4 മെഡിക്കൽ കോളേജും, 1 ഡന്റൽ കോളേജും ഉൾപ്പെടെ 5 കോളേജുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. മറ്റ് സ്വാശ്രയ കോളേജ് മാനേജ്മെന്റുകളുമായി കരാറിൽ ഏർപ്പെടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു..

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എല്ലാ സ്വാശ്രയ കോളേജുകളുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

നിർമ്മാണ മേഖലയിലെ സ്തംഭനം

14 (*74) ശ്രീ. എളമരം കരീം :

ഡോ. ടി. എം. തോമസ് ഐസക് :

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയിലെ തൊഴിലാളികൾ തൊഴിലില്ലായ്മ കാരണം കടുത്ത പ്രതിസന്ധിയിലാണെന്ന കാര്യം തൊഴിൽ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ ;

(ബി) നിർമ്മാണ മേഖലയിലെ സ്തംഭനം പരിഹരിക്കാൻ വകുപ്പ് നടപടി സ്വീകരിക്കുമോ ;

(സി) സർക്കാർ, കരാറുകാർക്ക് കടിശ്ശിക വരുത്തിയതു കാരണം വിവിധ വികസന പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്നതും അതിനാൽ തൊഴിലാളികൾ പ്രതിസന്ധിയിലാണ് എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ എന്ത് മാർഗ്ഗമാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly